## സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കാൻ പുസ്തകവണ്ടിയുമായി വിദ്യാർത്ഥികൾ

**വളാഞ്ചേരി :** വായന മാസാചരണത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കാൻ എടയൂർ കെ.എം.യു.പി. സ്കൂളിലെ ലൈബ്രറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പുസ്തക വണ്ടി ശ്രദ്ധേയമായി.

അധ്യാപകരും പി.ടി.എ. ഭാരവാഹികളും വിദ്യാർത്ഥികളും കൈകോർത്തപ്പോൾ അഞ്ഞൂറോളം പുതിയ പുസ്തകങ്ങളാണ് പുസ്തകവണ്ടി വഴി ലൈബ്രറിയിലേക്കെത്തിയത്. ഹെഡ്മാസ്റ്റർ കെ. ആർ. ബിജു, പി.ടി.എ. പ്രസിഡണ്ട് എം.പി. ഇബ്രാഹിം, എക്സിക്യൂട്ടീവ് അംഗങ്ങളായ നൗഫൽ കലമ്പൻ, അനൂപ് സുന്ദർ, തഹാനി അൻവർ, ടി.പി. മോഹൻദാസ്, അധ്യാപകരായ പി. ഷെരീഫ്, കെ. രാധ, കെ.വി. സുധീർ, എം.പി. രാധാമണി, കെ. ബേബി, വി. ഹഫീസ് മുഹമ്മദ്, എസ്. ജയശ്രീ, ദിജേഷ്, വി. അബ്ദുസമദ് നേതൃത്വം നൽകി.

● എടയൂർ കെ.എം.യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ പുസ്തക വണ്ടിയിലേക്ക് അധ്യാപകരും പി.ടി.എ. ഭാരവാഹികളും പുസ്തകങ്ങൾ കൈമാറുന്നു.

## ഡയറക്റ്ററേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ ഡി.ഒ.എ. കോഴ്സ് അൽ സലാമയിൽ

**പെരിന്തൽമണ്ണ :** അൽസലാമയിൽ ഈ വർഷം പുതുതായി ആരംഭിച്ച കോഴ്സുകളിലേക്കടക്കം പ്രവേശനം തുടരുന്നു. അൽ സലാമ ഐ ഹോസ്പിറ്റലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ ബി.എസ്.സി. ഒപ്റ്റോമെട്രിക്കു പുറമെ ഈ വർഷം പുതുതായി ഡയറക്റ്ററേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ ഡിപ്ലോമ കോഴ്സിനും തുടക്കം കുറിക്കുന്നു. കൂടാതെ അൽ സലാമ ട്രസ്റ്റിനു കീഴിലുള്ള അൽ സലാമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയുടെ കൊച്ചിൻ ക്യാമ്പസുമായി ചേർന്ന് ബി.വോക് ഒപ്റ്റോമെട്രി തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സും തുടങ്ങുന്നു. മൂന്ന് വർഷം കൊണ്ട് ഡിഗ്രി കരസ്ഥമാക്കാവുന്ന ഈ കോഴ്സ് പൂർത്തിയാക്കുമ്പോൾ നാസി എ പ്ലസ് പ്ലസ് ഡിഗ്രി സർട്ടിഫിക്കറ്റിനു പുറമെ കേന്ദ്ര സർക്കാറിന് കീഴിലുള്ള എൻ.എസ്.ഡി.സിയുടെ എൻ.എസ്.ക്യൂ.എഫ്. സർട്ടിഫിക്കറ്റും യു.കെ. സ്കിൽ ഫെഡറേഷൻ സർട്ടിഫിക്കറ്റും ലഭിക്കുന്നതു കൊണ്ട് സ്വദേശത്തും വിദേശത്തും ജോലി ലഭിക്കാൻ പ്രയാസമില്ല. ബി വോക് ഒപ്റ്റോമെട്രിയിൽ 40% തിയറി പഠനവും 60% പ്രാക്ടിക്കലുമാണ്. കണ്ണിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളുമുള്ള അൽ സലാമയിൽ നിന്ന് കിട്ടുന്ന മികച്ച പരിശീലനം മികവുറ്റ ഗ്രാജുവേറ്റ്സിനെ വാർത്തെടുക്കാൻ സഹായകരമാകുമെന്ന് അൽ സലാമ മാനേജ്മെന്റ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. എം.എസ്.സി. ഒപ്റ്റോമെട്രി, സി.സി.ഒ.ടി. കണ്ണട ഫിറ്റിംഗ്, ഹോസ്പിറ്റൽ അഡ്മിനിട്രേഷൻ എന്നീ കോഴ്സുകളും അൽസലാമയിലുണ്ട്. വാർത്താ സമ്മേളനത്തിൽ ചെയർമാൻ മുഹമ്മദലി മുണ്ടോടൻ, എം.ഡി. നസീർ വലിയ വീട്ടിൽ, ജൈൻ യൂണിവേഴ്സിറ്റി ബി. വോക് റീജിയണൽ ഹെഡ് കെ. നന്ദകുമാർ, അൽ സലാമ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ കെ.എസ്. നൗഷാദ്, വൈസ് ചെയർമാൻ അഷ്റഫ് കീഴ്ശ്ശേരി, ഡയറക്ടമാരായ നാസർ ചോലക്കൽ, അസൈനാർ അങ്ങാടിപ്പുറം, എ.എസ്.ഐ.എ.എസ്. മേധാവി കെ. ദിരാജ് പങ്കെടുത്തു.

# ഹരിതസേനയുടെ മറവിൽ സാമൂഹ്യദ്രോഹികൾ മാലിന്യം നിക്ഷേപിക്കുന്നതായി നഗരസഭ

**തിരൂരങ്ങാടി :** മമ്പുറം പുതിയ പാലം ബസ്റ്റോപ്പിൽ കൂട്ടിയിട്ട മാലിന്യം നഗരസഭ ഹരിത സേന കൊണ്ടുപോയി. രണ്ടു മാസമായി ബസ്റ്റോപ്പിന് പിറക് വശത്ത് മാലിന്യം കൂട്ടിയിട്ടതായി കഴിഞ്ഞ ദിവസം മംഗളം വാർത്ത നൽകിയിരുന്നു.

ഇതേ തുടർന്ന് ഇന്നലെ കാലത്ത് തന്നെ ഹരിത കർമസേന വാഹനവുമായി എത്തി ഈ മാലിന്യം കൊണ്ടുപോകുകയായിരുന്നു. ഇത് വിവാദമായതോടെ ഈ മാലിന്യം ഇവിടെ വെച്ചത് തങ്ങളല്ലെന്ന വിശദീകരണവുമായി ഹരിത കർമ സേന രംഗത്ത് വന്നിട്ടുണ്ട്. ഹരിത കർമ സേനയുടെ മറവിൽ യൂസർ ഫീ വാങ്ങി ചിലർ മാലിന്യം നിക്ഷേപിക്കുന്നുവെന്ന വിചിത്ര ന്യായവുമായാണ് ഹരിത കർമസേന രംഗത്ത് വന്നിട്ടുള്ളത്. നഗരസഭ ആരോഗ്യ സമിതിയിലെ ഉന്നതർ ഇതിന് പരിഹാരം കാണുന്നതിന് പകരം ഹരിത കർമ സേനയുടെ വീഴ്ച മറച്ചുവെക്കുകയാണെന്ന് ആക്ഷേപമുണ്ട്.

ചെമ്മാട് – തിരൂരങ്ങാടി റോഡിൽ മമ്പുറം പുതിയ പാലം ബസ്റ്റോപ്പിന് പിൻവശത്ത് കൂട്ടിയിട്ടിരിക്കുകയാണ്. രണ്ടു മാസം മുമ്പ് ശേഖരിച്ച മാലിന്യം അടുത്ത ദിവസം തന്നെ കൊണ്ടുപോകുമെന്ന് പറഞ്ഞാണ് ഹരിത സേന വളണ്ടിയർമാർ ഇവിടെ വെച്ചത്. പിന്നീട് ഒരു മാസത്തിന് ശേഷം വീണ്ടും വന്ന് ഇതിനടുത്തുള്ള പെട്ടിക്കടയിൽ നിന്ന് യൂസർ ഫീ നൂറ് രൂപ വാങ്ങി വീണ്ടും അവിടെ ചാക്കിൽ നിറച്ച് മാലിന്യം കൂട്ടിയിടുകയാണ് ചെയ്തത്. നാളെ തന്നെ കൊണ്ടുപോകുമെന്ന് അറിയിച്ച് പോയശേഷം പിന്നെ ഇങ്ങോട്ട് തിരിഞ്ഞ് നോക്കിയിട്ടില്ലെന്ന് നാട്ടുകാർ ആവർത്തിച്ച് പറയുന്നു.

സംസ്ഥാന പാതയിലെ പ്രധാന ബസ്റ്റോപ്പാണിത്. ദിവസവും മമ്പുറം മഖാമിലേക്ക് വരുന്ന നൂറുക്കണക്കായ യാത്രക്കാരും വിദ്യാർഥികളും ബസ് കാത്ത് നിൽക്കുന്ന സ്റ്റോപ്പാണിത്.

## ക്വാർട്ടേഴ്സ് ഉടമകളുടെ ജനറൽ ബോഡി യോഗം 25ന്

**തിരൂർ :** ക്വാർട്ടേഴ്സ് ഓണേഴ്സ് അസോസിയേഷൻ കേരളയുടെ രണ്ടാമത് ജനറൽ ബോഡി യോഗവും മെമ്പർഷിപ്പ് ക്യാമ്പയിനും 25ന് രാവിലെ 10ന് തിരുനാവായ കോൾ ഓഫ് സ്പോർട്ട്സ് സിറ്റിയിൽ തിരൂർ എം.എൽ.എ. കുറുക്കോളി മൊയ്തീൻ ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു. ആഷിഫ് കണ്ടാത്ത്, സൈദു മുഹമ്മദ്, മൊയ്തീൻ മൂപ്പൻ, എം. സമദ്, കുഞ്ഞിപ്പ , പി.ടി. ഷഫീഖ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

● മുന്നിയൂർ മാസ് ക്ലബ്ബിന്റെ രണ്ടാം വാർഷിക പരിപാടി തിരൂരങ്ങാടി നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ഉദ്ഘാടനം ചെയ്യുന്നു.

## പുസ്തകം വിതരണം ചെയ്തു

**താനൂർ :** കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി എം.എൽ.എയുടെ പ്രാദേശിക വികസന നിധിയിൽ ഉൾപ്പെടുത്തി താനൂർ നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങൾക്കും പബ്ലിക് ലൈബ്രറികൾക്കും പുസ്തകം വിതരണം ചെയ്തു. താനൂർ ക്യാമ്പ് ഓഫീസ് പരിസരത്ത് നടന്ന പരിപാടി മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. താനാളൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. മല്ലിക അധ്യക്ഷയായി. സമദ് താനാളൂർ, ഒ.കെ. ബേബി ശങ്കർ, പ്രൊഫ. വി.പി. ബാബു പ്രസംഗിച്ചു. പി.ടി. അക്ബർ സ്വാഗതം പറഞ്ഞു.

● വിദ്യാലയങ്ങൾക്കും പബ്ലിക് ലൈബ്രറികൾക്കുമുള്ള പുസ്തകവിതരണ ശേഷം മന്ത്രി വി. അബ്ദുറഹിമാൻ പ്രസംഗിക്കുന്നു.

## സംഗീത ക്ലാസ് തുടങ്ങി

**തിരൂരങ്ങാടി :** മൂന്നിയൂർ മാസ്സ് ക്ലബ്ബിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കുട്ടികൾക്കായുള്ള സംഗീത ക്ലാസിന് തുടക്കം കുറിച്ചു. വാർഷിക പരിപാടി തിരൂരങ്ങാടി നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി.പി. ഇസ്മായിൽ ഉദ്ഘാടനം ചെയ്തു. സംഗീത ക്ലാസ്30 വർഷമായി സംഗീതരംഗത്ത് പ്രവർത്തിക്കുന്ന കേരളാ സംസ്ഥാന ഫോക്ലോർ അക്കാദമി അവാർഡ് ജേതാവും സ്കൂൾ കലോത്സവങ്ങളിൽ പരിശീലകയായും വിധികർത്താവുമായ സുലൈഖാ ബഷീർ ഉദ്ഘാടനം ചെയ്തു. ക്ലബ്ബ് പ്രസിഡൻറ് ഡോ. ടി.എം. അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു. കെ. മൊയ്തീൻ കുട്ടി, ടി.പി. രാധാകൃഷ്ണൻ, വി.പി. അഹമ്മദ് കുട്ടി, അഷ്റഫ് തച്ചപ്പടിക്കൽ, പരപ്പനങ്ങാടി സബ്ഇൻസ്പെക്ടർ പരമേശ്വരൻ, ഓ.പി. മുനീർ, സാജിത, രതീബ് പാറാക്കാവ്, കെ.കെ. റാഫി, റഷീദ് തിരൂരങ്ങാടി, ജയൻ പാറക്കടവ്, സുരേഷ് ബാലേരി പ്രസംഗിച്ചു. മാസ് ക്ലബ്ബ് കലാകാരൻമാരുടെ ഇശൽ വിരുന്ന് നടത്തി. ക്ലബ്ബ് സെക്രട്ടറി വിനീഷ് കുന്നത്ത് പറമ്പ് സ്വാഗതവും മൊയ്തീൻ മുന്നിയൂർ നന്ദിയും പറഞ്ഞു

●പി.ടി.വിനോദ് കുമാർ

യോഗാസന ഭാരതിന്റെ നേതൃത്വത്തിൽ നാഷൽ സ്പോർട്സ് അക്കാദമി (എൻ.ഐ.എസ്) പഞ്ചാബിലെ പട്യാലയിൽ നടത്തിയ പരിശീലന പരിപാടിയിൽ ദേശീയ പരിശീലകനായി തെരഞ്ഞെടുക്കപ്പെട്ട പി.ടി. വിനോദ് കുമാർ. മങ്കട കർക്കിടകം സ്വദേശിയാണ്.

## ഐഡിയൽ കോച്ചിംഗ് സെന്ററിന് തറക്കല്ലിട്ടു

**തവനൂർ :** കടകശ്ശേരി ഐഡിയലിന്റെ കീഴിൽ തവനൂർ മുവാങ്കരയിൽ ആരംഭിക്കുന്ന പുതിയ സംരംഭമായ മത്സര പരീക്ഷാ പരിശീലന കേന്ദ്രത്തിന്റെയും ഹോസ്റ്റലിന്റെയും തറക്കല്ലിടൽ കർമം ഐഡിയൽ ട്രസ്റ്റ് ജനറൽ സെക്രട്ടറി കെ.കെ.എസ്. ആറ്റക്കോയ തങ്ങൾ നിർവ്വഹിച്ചു.

ഐഡിയൽ ട്രസ്റ്റിലെയും സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ബ്രെയിൻ ടോസ്റ്റ് എജ്യൂ സൊല്യൂഷന്റെ കീഴിലാണ് കോച്ചിംഗ് സെന്ററും ഹോസ്റ്റലും തുടങ്ങുന്നത്. വളരെ വേഗത്തിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2024–25 അധ്യയന വർഷം തന്നെ ക്ലാസുകളും ഹോസ്റ്റലും തുടങ്ങാനാണ് പദ്ധതി.

ബ്രെയിൻ ടോസ്റ്റ് എജ്യൂ സൊലൂഷൻ അംഗങ്ങളും ഐഡിയൽ സ്കൂളിലെ പ്രധാനധ്യാപകരും പങ്കെടുത്ത തറക്കല്ലിടൽ ചടങ്ങിൽ ഐഡിയൽ ട്രസ്റ്റ് ചെയർമാൻ പി. കുഞ്ഞാവുഹാജി അധ്യക്ഷത വഹിച്ചു. മാനേജർ മജീദ് ഐഡിയൽ മുഖ്യപ്രഭാഷണം നടത്തി.

## ജീവനക്കാരെ കൊള്ളയടിക്കാനുള്ള സർക്കാറിന്റെ ശ്രമം ഉപേക്ഷിക്കണമെന്ന്

**മലപ്പുറം :** പുതിയ പദ്ധതി എന്ന പേരിൽ ജീവനക്കാരന്റെ പണിക്കൂലിയിൽ കയ്യിട്ടുവാരാനുള്ള സർക്കാറിന്റെ ശ്രമം ഉപേക്ഷിക്കണമെന്നും തൊഴിൽ തേടി യുവാക്കൾ രാജ്യം വിടുന്നത് തടയാൻ പി.എസ്.സി. സംവിധാനത്തിന്റെ വിശ്വാസ്യത സർക്കാർ ഉയർത്തിപ്പിടിക്കണമന്നും പി.എസ്.സി. എംപ്ലോയീസ് അസോസിയേഷന്റെ മലപ്പുറം ജില്ലാ സമ്മേളനവും 36–ാം സ്ഥാപകദിനാഘോഷവും ഉദ്ഘാടനം ചെയ്ത് കെ.പി.സി.സി. അംഗം റിയാസ് മുക്കോളി ആവശ്യപ്പെട്ടു. മലപ്പുറം എൻ.ജി.ഒ. അസോസിയേഷൻ ഹാളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സെറ്റോ ജില്ലാ ചെയർമാൻ സി. വിഷ്ണുദാസ് മുഖ്യപ്രഭാഷണം നടത്തി. പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി.പി. അനിൽ ബാബു അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പി.എസ്.സി. ഇ.എ. സംസ്ഥാന വൈസ് പ്രസിഡന്റ് പി. അൻവർ സാജിദ്, കേരള സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷൻ സ്റ്റേറ്റ് സെക്രട്ടറി ടി. മുഹമ്മദ് സലീം, പി.എസ്.സി.ഇ.എ. സംസ്ഥാന കമ്മിറ്റി അംഗം എസ്.എസ്. ഗോപകുമാർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി കെ. കുഞ്ഞിമുഹമ്മദ് സ്വാഗതവും പി.ടി. അഹമ്മദ് നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളായി പി.പി. അനിൽ ബാബു (ജില്ലാ പ്രസിഡന്റ്), കെ. കുഞ്ഞിമുഹമ്മദ് (ജില്ലാ സെക്രട്ടറി), ഒ. മുഹമ്മദ് ഫവാസ് (ട്രഷറർ) എന്നിവരെയും എൻ. സേതുമാധവൻ, പി.ടി. അഹമ്മദ് (വൈസ് പ്രസിഡന്റുമാർ), കെ. ഷറഫലി, സി.വി. ബുഷ്റ (ജോ. സെക്രട്ടറിമാർ), എ. ധന്യ, വി. പി. സുമയ്യ, സി. മുഹമ്മദ് അജ്മൽ (കമ്മിറ്റി അംഗങ്ങൾ) എന്നിവരെയും തെരഞ്ഞെടുത്തു.

## ആരോഗ്യ വീണ്ടെടുപ്പിനായി രാമപുരം നാട്ടുകൂട്ടായ്മയുടെ ഹെൽത്ത് ക്ലബ്

**രാമപുരം :** ജീവിതശൈലി രോഗങ്ങളിൽനിന്ന് മോചനം നേടി ആരോഗ്യ വീണ്ടെടുപ്പിനായി രാമപുരത്തെ നാട്ടുകൂട്ടായ്മയുടെ ഹെൽത്ത് ക്ലബ് പ്രവർത്തനം ശ്രദ്ധേയമാകുന്നു. രാമപുരം ബ്ലോക്ക് പടിയിലെ മങ്കട ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കാര്യാലയത്തിലെ ഓപ്പൺ സ്റ്റേഡിയത്തിലാണ് എല്ലാ ദിവസവും പുലർച്ചെ ആറ് മുതൽ ആറര വരെ മെക്ക് സെവൻ ഹെൽത്ത് ക്ലബിന്റെ നേതൃത്വത്തിൽ സൗജന്യയോഗ പരിശീലനം നടക്കുന്നത്. നൂറിലധികം ആളുകളാണ് എല്ലാ ദിവസവും ഗ്രൗണ്ടിൽ പരിശീലനത്തിന് എത്തുന്നത്. ജീവിതശൈലി രോഗങ്ങളെ പാടെ പ്രതിരോധിക്കാൻ കഴിയുന്നുണ്ടെന്നാണ് യോഗയിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായം.

● മാളവിക

തിരുവനന്തപുരത്ത് നടന്ന സംസ്ഥാന നീന്തൽ ചാമ്പ്യൻഷിപ്പിൽ മലപ്പുറം ജില്ലയ്ക്ക് വേണ്ടി രണ്ടു സ്വർണ മെഡലും ഒരു വെള്ളി മെഡലും ഒരു വെങ്കല മെഡലും നേടിയ മാളവിക രഞ്ജിത്ത്. ആഗസ്റ്റിൽ ഒറീസയിൽ നടക്കുന്ന ദേശീയ ജൂനിയർ നീന്തൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അർഹത നേടിയിട്ടുണ്ട്. വളാഞ്ചേരി സ്വദേശിനിയാണ്.

● ഐഡിയൽ മൽസര പരീക്ഷാ പരിശീലന കേന്ദ്രത്തിന്റെയും ഹോസ്റ്റലിന്റെയും തറക്കല്ലിടൽ കർമം ഐഡിയൽ ട്രസ്റ്റ് ജനറൽ സെക്രട്ടറി കെ.കെ.എസ്. ആറ്റക്കോയ തങ്ങൾ നിർവ്വഹിക്കുന്നു.

● എ.എം.യു.പി. സ്കൂൾ ഉമ്മത്തൂർ വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം മലപ്പുറം ഡിസ്ട്രിക്ട് പ്രൊജക്റ്റ് കോഡിനേറ്റർ മനോജ് കുമാർ പെരിന്തൽമണ്ണ നിർവഹിക്കുന്നു.

## പാട്ടും ആട്ടവുമായി വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം

**ഉമ്മത്തൂർ :** പാട്ടുകൾ പാടിയും കവിതകൾ ചൊല്ലിയും ഏറ്റു ചൊല്ലിച്ചും എ.എം.യു.പി. സ്കൂൾ ഉമ്മത്തൂർ വിദ്യാരംഗം കലാ സാഹിത്യ വേദി ഉദ്ഘാടനം മലപ്പുറം ഡിസ്ട്രിക്ട് പ്രൊജക്റ്റ് കോഡിനേറ്റർ മനോജ് കുമാർ പെരിന്തൽമണ്ണ നിർവഹിച്ചു. ഹെഡ്മാസ്റ്റർ ടി. അൻവർ, വിദ്യാരംഗം കോഡിനേറ്റർ കെ. ഫൗസിയ, പി.ടി.എ. വൈസ് പ്രസിഡണ്ട് തറയിൽ യൂസുഫ്, വാർഡ് അംഗം മുഹമ്മദലി മങ്കരത്തൊടി, ഷീജ വിൽസൺ പ്രസംഗിച്ചു.

● അന്താരാഷ്ട്ര യോഗ ദിനത്തിൽ രാമപുരം ബ്ലോക്ക് പടി ദേശീയപാതയോരത്ത് മെക്ക് സെവൻ ഹെൽത്ത് ക്ലബ് രാമപുരത്തിന്റെ നേതൃത്വത്തിൽ നടന്ന യോഗ പരിശീലനം.

# കുഞ്ഞു ശലഭങ്ങൾക്ക് പാറിപ്പറക്കാൻ വർണക്കൂടാരമൊരുങ്ങി

**പരപ്പനങ്ങാടി :** പ്രീ – പ്രൈമറി വിദ്യാർത്ഥികൾക്ക് ഇനി ചിത്രശലഭങ്ങളെപ്പോലെ കളിച്ചുല്ലസിക്കാം. പ്രീ പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠന സൗകര്യം ഒരുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വർണക്കൂടാരം അണിയിച്ചൊരുക്കുന്നത്. പദ്ധതിയിൽ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിലെ ആനപ്പടി ഗവ. എൽ.പി. സ്കൂളിലും തിരൂരങ്ങാടിയിൽ ജി.എം.എൽ.പി. സ്കൂളിലുമാണ് വർണക്കൂടാരമൊരുങ്ങുന്നത്. പദ്ധതി ഉദ്ഘാടനം കഴിയുന്നതോടെ രണ്ട് സ്കൂളുകളും മണ്ഡലത്തിലെ മാതൃകാ പ്രീ പ്രൈമറി സ്കൂളുകളായി ഉയരും.

കളികളിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ശിശു വികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കുകയും ചെയ്യുന്ന ശാസ്ത്രീയ പ്രീ സ്കൂൾ വിദ്യാഭ്യാസ രീതിയിലൂടെ കുട്ടികൾക്ക് സന്തോഷത്തോടെയും അവരുടെ അഭിരുചിക്കനുസരിച്ചും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലവും ശിശു സൗഹൃദവുമായ പ്രവർത്തന ഇടങ്ങൾ ഒരുക്കുകയാണ് വർണക്കൂടാരം മാതൃകാ പ്രീ പ്രൈമറി സ്കൂൾ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ സഹായിക്കുന്ന ഭാഷാ വികാസയിടം, ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന ശാസ്ത്രയിടം, കളികളിലൂടെ കണക്കിന്റെ ആദ്യപാഠങ്ങൾ നുണയുന്ന ഗണിതയിടം തുടങ്ങി കുട്ടിയുടെ സർവതോന്മുഖ വികാസത്തിനും പഞ്ചേന്ദ്രിയാനുഭവങ്ങൾ അറിയുന്നതിനും സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങൾ വർണ്ണക്കൂടാരത്തിലുണ്ട്. പദ്ധതി നിർവഹണത്തിനായി പത്ത് ലക്ഷം രൂപയാണ് ഓരോ സ്കൂളിനും നൽകിയിട്ടുള്ളത്. ബി.ആർ.സി. മുഖാന്തിരം സമഗ്ര ശിക്ഷാ പദ്ധതിയിൽ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമായാണ് ഫണ്ട് ചിലവിടുന്നത്. ഓരോ വിദ്യാലയത്തിലെയും പ്രത്യേക പരിശീലനം നൽകിയ പ്രധാനാധ്യാപകരും ബി.ആർ.സി. പ്രതിനിധികളും ഉൾപ്പെട്ട് മാനദണ്ഡങ്ങൾക്ക് വിധേയമായി രൂപീകരിക്കുന്ന ഗുണഭോക്തൃ സമിതിയാണ് നിർമ്മാണ ചുമതലയും മേൽനോട്ടവും നിർവഹിക്കുന്നത്. പ്രാരംഭ നിർമ്മാണ പ്രവൃത്തികൾക്കായി ഏഴര ലക്ഷം രൂപ മുൻകൂറായും നിർമാണം പൂർത്തികരിച്ച സ്കൂളുകൾക്ക് അവസാന ഗഡുവായ രണ്ടര ലക്ഷം രൂപയും അനുവദിച്ചുകഴിഞ്ഞതായി ബി.ആർ.സി. അധികൃതർ പറഞ്ഞു.

● നിർമാണം പൂർത്തിയായ പരപ്പനങ്ങാടി ആനപ്പടി ഗവ. എൽ.പി. സ്കൂളിലെ വർണക്കൂടാരം.

● ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ വള്ളിക്കുന്ന് റൂറൽ ബാങ്ക് മൊമെന്റൊ നൽകി ആദരിച്ച ശേഷം.

## മയക്കുമരുന്ന് കേന്ദ്രമായി കുണ്ടുകടവ് പാലം പരിസരം

**പൊന്നാനി :** കുണ്ടുകടവ് പാലത്തിന് സമീപത്തെ കെട്ടിടങ്ങൾ താവളമാക്കി മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും വ്യാപകമാകുന്നതായി നാട്ടുകാരുടെ പരാതി. കഴിഞ്ഞ ദിവസം പാലത്തിന് സമീപത്തുള്ള കെട്ടിടത്തിന്റെ മുകളിൽ വെച്ച് ലഹരി ഉപയോഗിച്ച യുവാക്കളെ പോലീസ് പിടികൂടി. അപരിചിതരായ നാല് ചെറുപ്പക്കാരെ കണ്ടതോടെ വിവരം തിരക്കിയ സ്ഥലവാസികളോട് ഇവർ തട്ടിക്കയറുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇതേ തുടർന്ന് നാട്ടുകാർ ഇവരെ തടഞ്ഞുവെച്ച പോലീസിൽ വിവരമറിയിച്ചു. നാട്ടുകാർ പൊലീസിനെ വിളിച്ച് സമയത്ത് തടഞ്ഞുവച്ച ചെറുപ്പക്കാർ കൂട്ടാളികളെ വിളിച്ചു വരുത്തുകയും തുടർന്ന് സ്ഥലത്ത് എത്തിയ ഇരുപതോളം ചെറുപ്പക്കാർ സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായും നാട്ടുകാർ പരാതിപ്പെട്ടു.

## കാറ്റിലും മഴയിലും വീടിന്റെ മേൽക്കൂര തകർന്നു

**താനൂർ :** കാറ്റിലും മഴയിലും വീട് തകർന്നു. ഉണ്യാൽ അഴീക്കൽ പക്കർകടവത്ത് അബ്ദുൽ കാദറിന്റെ വീടാണ് തകർന്നത്. കഴിഞ്ഞ ദിവസം വൈകീട്ടുണ്ടായ കാറ്റിലും മഴയിലും വീടിന്റെ മേൽക്കൂര തകർന്നുവീഴുകയായിരുന്നു. വീട്ടിൽ കിടന്നുറങ്ങി യിരുന്ന കുട്ടി തലനാരിഴക്കാണ് രക്ഷപ്പെട്ടത്. ഏകദേശം ഒരു ലക്ഷത്തോളം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് റവന്യൂ അധികൃതരെ വിവരമറിയിച്ചു.

HDB FINANCIAL SERVICES

**എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്**

Registered Office: Radhika, 2nd Floor, Law Garden Road,Navrangpura, Ahamedabad- 09. Branch Office :HDB Financial Services Ltd, 2nd Floor, La-Grace Building, Above Axis Bank, Near IQRAA Hospital, Wayanad Road, Malaparamba, Kozhikode, Kerala-673009

**ലേല വിൽപന നോട്ടീസ് ഇ –ലേല വില്പന നോട്ടീസ്** (വായ്പക്കാർ/സഹ – അപേക്ഷകർ/പൊതുജനങ്ങൾ മറ്റുള്ളവർക്കായി)
(Under Rule 8(6) R/w with Rule 9 (1) of SARFAESI Act, 2002)

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ താഴെ ഒപ്പിട്ട അംഗീകൃത ഓഫീസർ ഏറ്റെടുത്ത താഴെ പറയുന്ന വസ്തുവകകൾ അണ്ടർ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ദി ഫിനാൻഷ്യൽ അസറ്റ്സ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, പ്രകാരം താഴെ കാണിച്ചിരിക്കുന്ന ലോൺഅക്കൗണ്ടിനുവേണ്ടി എവിടെയോ അവിടെ എങ്ങനെയോ അങ്ങനെ വ്യവസ്ഥയിൽ വിൽപന നടത്തുന്നു

അപേക്ഷകന്റെയും സഹ അപേക്ഷകന്റെയും പേരും വിലാസവും:1.റാഫ്കോ ട്രേഡിംഗ്, ടിപി 2/92 ടോസ് ചക്യാത്ത് ബിൽഡിംഗ്, ആലത്തിയൂർ തലക്കാട്, മലപ്പുറം തിരൂർ-676102 2. മുഹമ്മദ് റാഫി. 14/34C കിഴക്കേ വളപ്പിൽ വീട്, പൂഴിക്കുന്ന് പി.ഒ. ബിപി അങ്ങാടി തിരൂർ-676102 .3. റഹിയാനാത്ത്എം. 14/34സി കിഴക്കേ വളപ്പിൽ വീട്, പൂഴിക്കുന്ന് പി.ഒ. ബിപി അങ്ങാടി തിരൂർ 676102.
അക്കൗണ്ട് നമ്പർ 9457452, മൊത്തം കുടിശ്ശിക തുക: Rs.64,49,044/- (രൂപ അറുപത്തി നാല് ലക്ഷത്തി നാല്പത്തൊമ്പതിനായിരത്തി നാല്പത്തിനാല് മാത്രം) 2021 ജൂൺ 28 ന്, തുടർ പലിശ/സാന്ദർഭിക ചെലവുകൾ/മറ്റു ചെലവുകൾ പൂർണ്ണമായി അടയ്ക്കുന്ന തിയതി വരെ.
സുരക്ഷിത വായ്പാദാതാവിന് അറിയാവുന്ന ബാധ്യതകളുടെ വിശദാംശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ:-ഇല്ല
സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ:
തലക്കാട് വില്ലേജ്, തിരൂർ താലൂക്ക് RE. SURVEY NO.390/8-1 ൽ 3.03 ARES വിസ്തൃതിയുള്ള ഭൂമിയും മുഴുവൻ ഭാഗവും. ഒരു കെട്ടിടത്തോടൊപ്പം തലക്കാട് ഗ്രാമപഞ്ചായത്ത്അസെസ്മെന്റ് നം. 14/34-C, സബ് രജിസ്ട്രേഷൻ ജില്ല കൊടക്കൽ രജിസ്ട്രേഷൻ ജില്ല മലപ്പുറം, എസ്.ആർ.ഒ കൊടക്കലിന്റെ സെയിൽ ഡീഡ് നമ്പർ.1275 /2018 പ്രകാരം, ലൊക്കേഷൻ സർട്ടിഫിക്കറ്റ് നമ്പർ. 490/19 മുഹമ്മദ് റാഫിയുടെ പേരിൽ തലക്കാട് വില്ലേജ് ഓഫീസർ നൽകിയത് വടക്ക്: ഹനീഫഹാജിയുടെ സ്വത്ത്; തെക്ക്: ഹംസത്തിന്റെ സ്വത്ത്; കിഴക്ക്: പാത; പടിഞ്ഞാറ്: പാത

| റിസർവ് പ്രൈസ് | നിരതദ്രവ്യം | ലേലവർദ്ധന തുക | ലേല തിയതി & സമയം | ഇഎംഡി അവസാനതിയതി & സമയം |
|---|---|---|---|---|
| Rs.42, 48,581 /- | Rs.4,24,858/- | Rs.1,00,000/- | 24/07/2024 at 11 a.m. to 12 Noon | 23/07/2024 up to 06:00 p.m |

ടെണ്ടർലേല വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും ● വിൽപ്പന ലേലം മുകളിലുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള തിയതികളിൽ 5 മിനിറ്റ് സമയപരിധിയിൽ https://bankauctions.in എന്ന വെബ്സൈറ്റിലൂടെമൊബൈൽ ആപ് ഓൺലൈൻ ഇലേലം ബിഡ്ഡിംഗ് ആയി ആയിരിക്കും നടത്തുക. (2) താൽപ്പര്യപ്പെടുന്ന ലേലക്കാർ https://bankauctions.in എന്ന പോർട്ടലിലൂടെ തങ്ങളുടെ EMD സമർപ്പിക്കണം. ലോഗ് ഇൻ ഐഡി പാസ്‌വേർഡ് എന്നിവ വഴി (യൂസർ ഐഡി, പാസ്‌വേർഡ് എന്നിവ ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ ഫ്രീയായി ലഭിക്കുന്നതാണ്. മുകളിൽ പരിമിതപ്പെടുത്തിയിരിക്കുന്ന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന് അനുകൂലമായുള്ള കരുതൽ വിലയുടെ ഇ.എം.ഡി. 10% ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് വഴി ഇ.എം.ഡി. നൽകപ്പെടും. ബിഡ് ഡോക്യുമെന്റ് സമർപ്പിക്കുന്ന ദിവസത്തിനു മുൻപായി വൺ ടൈം രജിസ്ട്രേഷനു ശേഷം ബിഡർമാർ താഴെ പറയുന്ന രേഖകൾ വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം. i) NEFT/RTGS ഡ്രൈവിങ് ലൈസൻസ് എന്നിവയുടെ കോപ്പി, ii) പാൻ കാർഡിന്റെ കോപ്പി, iii) അഡ്രസ് പ്രൂഫ് (കെ.വൈ.സി), 3. വോട്ടർ ഐഡി,ഡ്രൈവിങ്ങ് ലൈസൻസ്, പാൻകാർഡ് എന്നിവയുടെ സെൽഫ് അറ്റസ്റ്റഡ് കോപ്പി. അനുബന്ധം II&III എന്നവയുടെ സ്കാൻ ചെയ്ത കോപ്പി https://bankauctions.in എന്ന വെബ്സൈറ്റിലൂടെ ഡൗൺലോഡ് ചെയ്യാം.) ഫിൽ ചെയ്തതിനു ശേഷം സാക്ഷ്യപ്പെടുത്തുകയും വേണം. ലോഗ് ഇൻ ഐഡി പാസ്‌വേർഡ് എന്നിവ എന്നിവ ഉണ്ടാക്കുന്നതിനോ , രേഖകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനോ സഹായം വേണ്ടവർ M/s 4 ക്ലോഷർ ഇന്ത്യ, ബ്ലോക്ക് നമ്പർ: 605A, ആറാം നില, മൈത്രിവനം കൊമേഴ്സ്യൽ കോംപ്ലക്സ്, അമീർപേട്ട്, ഹൈദരാബാദ്- 500038, ഇ-മെയിൽ ഐഡി: subbarao@bankauctions.in,info@bankauctions.in,സപ്പോർട്ട് ഹെൽപ്പ്ലൈൻ നമ്പറുകൾ: ശ്രീ.സുബ്ബറാവു, റീജിയണൽ മാനേജർ, മൊബ്: നമ്പർ: 8142000061 ശ്രീ. മനോജ് നമ്പർ :9515160064, ലാൻഡ് ലൈൻ-040-23736405, മൊബ്: 8142000062/66. എന്നിവയിൽ ബന്ധപ്പെടുക.ബിഡ്ഡർ നേരിട്ട് ലേലത്തിൽ പങ്കെടുക്കേണ്ടതും ലേലത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് ഡിറേഷൻ ഫോം എഴുതി നൽകേണ്ടതുമാണ്. ബിഡർമാർ എച്ച് ഡിബി ഫിനാൻഷ്യൽസർവീസസ് ലിലിമിറ്റഡ് രണ്ടാം നില, ലാ-ഗ്രേസ് ബിൽഡിംഗ്, ആക്സിസ് ബാങ്കിന് മുകളിൽ, IQRAA ഹോസ്പിറ്റലിന് സമീപം,വയനാട് റോഡ്, മലാപ്പറമ്പ്, കോഴിക്കോട്, കേരളം-673009. മാനേജറിൽ നിന്നും ടെണ്ടർ ഫോമുകൾ കൈപ്പറ്റാവുന്നതാണ്. എച്ച്ഡിബിക്ക് അനുകൂലമായുള്ള റിസർവ് വില എം.ഡി.എം. 10% നോടൊപ്പം പേ / ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം അംഗീകൃത ഓഫീസർക്ക് സമർപ്പിച്ചിരിക്കുന്ന സീൽ ചെയ്ത എൻവലപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ടെണ്ടർ ഫോമിൽ മാത്രമേ ബിൻഡിംഗ് ബിഡ്ഡർ അംഗീഗ്യത ഓഫീസർ, എച്ച്ഡിബി ഫിനേഷ്യൽ സർവീസസ് ലിമിറ്റഡിന് സമർപ്പിക്കാവൂ 23/07/2024 വൈകുന്നേരം 6 മണിക്കോ അതിന് മുമ്പോഇതിനാൽ അറിയിച്ചു കൊള്ളുന്നു . വസ്തു പരിശോധിക്കുന്നതിനായി വാങ്ങുന്നയാൾ മാനേജർ, എച്ച് ഡിബി ഫിനാൻഷ്യൽസർവീസസ് ലിലിമിറ്റഡ് രണ്ടാം നില, ലാ-ഗ്രേസ് ബിൽഡിംഗ്, ആക്സിസ് ബാങ്കിന് മുകളിൽ, IQRAA ഹോസ്പിറ്റലിന് സമീപം, വയനാട് റോഡ്, മലാപ്പറമ്പ്, കോഴിക്കോട്, കേരളം-673009. അമ്ജിത്ത് പി.കെ (7907222373), ശരത്.എൻ (8590143660), മനോജ് പണിക്കർ (8589972288) എന്നീ നമ്പറിൽ ബന്ധപ്പെടുക. ആസ് വേർ ഇസ് ആസ് വാട്ട് ഇസ് എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വസ്തു വിൽപ്പന. സീൽ ചെയ്ത ടെണ്ടർ 24/07/2024 രാവിലെ 11 മണിക്ക് ഇവിടെ നൽകിയിരിക്കുന്ന ടെണ്ടർ കം ലേല നോട്ടീസിൽ അറിയിച്ചതിൻ പ്രകാരം ബിഡ്ഡറുടെ സാന്നിധ്യത്തിൽ തുറക്കും. ക്ളോസഡ് ടെണ്ടറിലും ഇപ്രകാരം അംഗീകൃത ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ വിവേചനാധികാരത്തിൽ താൽപ്പര്യപ്പെടുന്ന ബിഡ്ഡർമാരുടെ ഇടയിൽ റോസ്ഡ് ടെണ്ടർ നടത്തുകയും ഏറ്റവും കൂടുതൽ ലേലം വിളിക്കുന്ന വ്യക്തിക്ക് വിൽപ്പന നടത്തുയും ചെയ്യും. വിൽപ്പന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന്റെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.. വിജയിച്ച ബിഡ്ഡർ വിൽപന പൂർത്തിയായതിന് ശേഷം വിൽപന തുകയുടെ 25% (ഇ.എം.ഡി. ഉൾപ്പെടെ ) അതേ ദിവസം അല്ലെങ്കിൽ അതിനു തൊട്ടടുത്ത പ്രവൃത്തി ദിവസവും ബാക്കി 75% തുക വിൽപന സ്ഥിരീകരിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽലും അടയ്ക്കേണ്ടതാണ്. ഇതിനു കഴിഞ്ഞില്ലെങ്കിൽ പ്രാരംഭ നിക്ഷേപമായ 25% നഷ്ടപ്പെടുകയും അടുത്ത ബിഡ്ഡറെ പരിഗണിക്കുന്നതുമാണ്. നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ മുഴുവൻ വിൽപ്പനയും നടക്കുന്ന പക്ഷം വിജയിച്ച ആൾക്ക് അംഗീകൃത ഓഫീസർ വിൽപ്പന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാങ്ങുന്നയാൾ നിയമപ്രകാരം ബാധകമായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവയ്ക്ക് നൽകേണ്ട നിരക്കുകൾ / ഫീസ് എന്നിവ വഹിക്കണം. വാങ്ങുന്നയാൾ സ്റ്റാറ്റിയൂട്ടറി കുടിശ്ശിക നൽകണം (ലോഫുൾ ഹൗസ് ടാക്സ്, വൈദ്യുത ബിൽ, മറ്റ് കുടിശികകൾ) TDS,GST നിരക്കുകൾ ഉണ്ടെങ്കിൽ അവയുംസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ കുടിശിഖയും. അംഗീകൃത ഉദ്യോഗസ്ഥന് മുൻകൂർ അറിയിപ്പ് കൂടാതെ ടെണ്ടർ സ്വീകരിക്കാനോ നിരസിക്കാനോ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും ലേലം വിളിക്കാനും ലേലം ഒരു കാരണവും നൽകാതെ മാറ്റിവയ്ക്കുക / റദ്ദാക്കാനും മുൻകൂട്ടി അറിയിക്കാതെ തന്നെ വിൽപനയുടെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പരിഷ്കരിക്കാനും പൂർണ്ണമായ അവകാശമുണ്ട്.

സ്ഥലം: തിരൂർ തിയതി: 22/06/2024 അധികാരപ്പെട ഓഫീസർ. M/s എച്ച്ഡിബി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്